ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ) 10000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജാണ് 2009-10 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. ഇതിൽ 3076 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ വിവിധ പാലങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾക്കായി 878.15 കോടി രൂപയും റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 1756.35 കോടി രൂപയും കെട്ടിടങ്ങൾക്ക് 440.92 കോടി രൂപയും ഉൾപ്പെടുന്നു. ഇതിനു പുറമെ കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലെ ടൂറിസം റോഡുകളുടെ വികസന പ്രവർത്തനങ്ങൾക്കായി 86.16 കോടി രൂപയുടെ പ്രത്യേക ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധ കുടിവെള്ള വിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനും നവീകരണത്തിനും പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനുമായി 478.61 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വിവിധ കനാലുകളുടെയും റഗുലേറ്റർ-കം-ബ്രിഡ്ജുകളുടെയും നിർമ്മാണ-നവീകരണ പ്രവർത്തനങ്ങൾക്കായി 519.44 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. കേരള ജല അതോറിറ്റിക്ക് ഈ സാമ്പത്തിക വർഷം മാന്ദ്യവിരുദ്ധ പാക്കേജിനായി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇവയ്ക്കുപുറമേ കൃഷി, സ്പോർട്സ് ഡിപ്പാർട്ട്മെന്റുകളും പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. യുടെ പാർക്കുകളിലേയ്ക്ക് 163 കോടി രൂപയുടെ റോഡുനിർമ്മാണ അനുമതി നൽകിയിട്ടുണ്ട്. 3000 കോടി രൂപയുടെ ഇ.എം.എസ്. പാർപ്പിട പദ്ധതിക്കും തുടക്കം കുറിച്ചിട്ടുണ്ട്.

(ബി&സി) ഇതിന്മേൽ നടപടി സ്വീകരിക്കേണ്ടത് വിവിധ ഭരണ വകുപ്പുകളാണ്.

നിത്യോപയോഗ സാധനങ്ങളുടെ ഗുണനിലവാരവും വിലനിലവാരവും പരിശോധിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ

11(*162) ശ്രീ. എൻ. രാജൻ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. ബാബു പോൾ :
ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓപ്പൺ മാർക്കറ്റിൽ ഒന്നാംതരം സാധനങ്ങളുടെ വില ഈടാക്കി രണ്ടാംതരവും മൂന്നാംതരവും സാധനങ്ങൾ വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉപഭോക്താക്കളെ ഇത്തരം തട്ടിപ്പുകളിൽ നിന്നും രക്ഷിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന നിത്യോപയോഗ സാധനങ്ങളുടെ ഗുണനിലവാരവും വിലനിലവാരവും പരിശോധിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സപ്ലൈകോവഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരവും വിലനിലവാരവും പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ വെളിപ്പെടുത്തുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പൊതുവിപണിയിൽ വിറ്റഴിക്കപ്പെടുന്ന സാധനങ്ങളുടെ വിലനിലവാരം പ്രദർശിപ്പിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന വ്യാപാരികൾക്കെതിരെ അവശ്യസാധന നിയമപ്രകാരം നടപടി സ്വീകരിച്ചുവരുന്നു. വിലനിലവാരം പ്രസിദ്ധീകരിക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തുന്നതിന് ജില്ലാ-താലൂക്ക് തലത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തിവരുന്നു. പൊതുവിപണിയിലെ അനാശാസ്യ പ്രവണതകൾ തടയുന്നതിനായി സിവിൽസപ്ലൈസ് വകുപ്പ് ലീഗൽ മെട്രോളജി, ആരോഗ്യം, നികുതി, റവന്യൂ, പോലീസ് വകുപ്പുകളുമായി ചേർന്ന് രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ സ്ക്വാഡ് നിരന്തരം പരിശോധന നടത്തുന്നുണ്ട്. അത്തരം പരിശോധനകളിൽ ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ വിൽക്കാൻ ശ്രമിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാറുണ്ട്. വിലനിലവാരം പ്രദർശിപ്പിക്കണം എന്ന നിർദ്ദേശം പാലിക്കാത്തവർക്കെതിരെ സിവിൽ സപ്ലൈസ് വകുപ്പ് അവശ്യസാധന നിയമപ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

(ഡി) സപ്ലൈകോവഴി വിതരണം നടത്തുന്ന സാധനങ്ങളുടെ വില നിലവാരം പരിശോധിക്കുവാനുള്ള സംവിധാനം നിലവിലുണ്ട്. സപ്ലൈകോ വഴി വിൽക്കുന്ന അവശ്യ സാധനങ്ങളുടെ വില സർക്കാർ തലത്തിലും മറ്റുള്ളവയുടെ വില സപ്ലൈകോ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലുമാണ് നിശ്ചയിക്കുന്നത്. ഇതിനായി ശാസ്ത്രീയ വില നിർണ്ണയ രീതിയാണ് സപ്ലൈകോ അവലംബിച്ചിരിക്കുന്നത്. അവശ്യ സാധനങ്ങളുടെ പൊതുവിപണി വിലകളേയും ഉത്പാദനകേന്ദ്രങ്ങളിലേയും വിലകൾ സമയബന്ധിതമായി പരിശോധിച്ച് വാങ്ങൽ വിലകളും വിൽപ്പന വിലകളും ക്രമീകരിച്ചിട്ടുണ്ട്. പൊതുവിപണിയിൽ അമിതമായ വില കയറാതിരിക്കാനുള്ള നടപടികളും പൊതുവിപണിവിലകൾ കൂടുന്ന മുറയ്ക്ക് മാർക്കറ്റിൽ കൂടുതൽ സാധനങ്ങൾ ലഭ്യമാക്കുക വഴിയും, വിലകൾ പിടിച്ചുനിർത്താൻ കഴിയുന്നു. സപ്ലൈകോ വില്പനശാലകളിലെ വിലനിർണ്ണയം പരിശോധിക്കാൻ ശക്തമായ വിജിലൻസ് സ്ക്വാഡുകളും ആഡിറ്റ് സംവിധാനവും നിലവിലുണ്ട്. ഇവയുടെ പരിശോധനകളിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങളുടെ വിലനിലവാരം കൃത്യമായി പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ഇതിനുപുറമെ ഹെഡ് ഓഫീസ് തലത്തിൽ ഒരു മോണിട്ടറിംഗ് സെല്ലും പ്രവർത്തിക്കുന്നുണ്ട്. ഉല്പന്നങ്ങളുടെ ഗുണനിലവാരം ഡിപ്പോ തലങ്ങളിൽ പരിശോധിക്കുന്നത് ബന്ധപ്പെട്ട ഡിപ്പോ മാനേജർ, ജൂനിയർ മാനേജർ, സ്റ്റോക്ക് കസ്റ്റോഡിയൻ എന്നിവരാണ്. കൂടാതെ ജില്ലാ തലങ്ങളിൽ ക്വാളിറ്റി പരിശോധനയ്ക്ക് ക്വാളിറ്റി അഷ്വറൻസ് ഓഫീസർമാരുണ്ട്. ഡിപ്പോ തലങ്ങളിലെ പരിശോധനയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

ശേഷം തുടർന്നുള്ള ക്വാളിറ്റി അഷ്വറൻസ് ഓഫീസർമാരുടെ പരിശോധനയിൽ ഉല്പന്നങ്ങൾ മാനദണ്ഡങ്ങൾക്ക് അനുസരിച്ചുള്ളവ അല്ലെങ്കിൽ ഇവ തിരസ്ക്കരിക്കാനും കരാറുകാരിൽ നിന്നും മാറ്റി വാങ്ങാനുള്ള സംവിധാനവും ഉണ്ട്. ഗുണനിലവാരം പരിശോധിക്കുന്നതിന് ബഹുമാനപ്പെട്ട ഇ.കെ. മുരളീധരൻ കമ്മീഷൻ അംഗീകരിച്ച ക്വാളിറ്റി മാനുവൽ പ്രകാരമാണ്. ഉല്പന്നങ്ങളുടെ ജൈവസൂക്ഷ്മാണു പരിശോധന നടത്താൻ കോന്നിയിലുള്ള സി.എഫ്.ആർ. ഡി.യിൽ വ്യവസ്ഥയുണ്ട്. ഡിപ്പോകളിൽ നിന്ന് ഔട്ട്ലെറ്റ് തലങ്ങളിലേയ്ക്ക് അയയ്ക്കുന്ന സാധനങ്ങൾ ഔട്ട്ലെറ്റ് തലങ്ങളിൽ പരിശോധിക്കുവാനും അവ വ്യത്തിയാക്കൽ പ്രക്രിയ ചെയ്യുവാനും വ്യവസ്തയുണ്ട്. കോർപ്പറേഷനിലുള്ള വിജിലൻസ് വിഭാഗം എല്ലാ മാസവും സംസ്ഥാനത്തുള്ള ഡിപ്പോകളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് പരിശോധിപ്പിക്കുന്നുണ്ട്. ഉപഭോക്താവിന് ഗുണ മേൻമയിൽ സംശയം തോന്നുന്നപക്ഷം അത്തരം സാധനങ്ങൾ മടക്കി നൽകിയാൽ സാധനങ്ങളുടെ മുഴുവൻ വിലയും ഉപഭോക്താവിന് തിരികെ നൽകുവാനുള്ള സംവിധാനവും നിലവിൽ ഉണ്ട്. ഇവയുടെ വിവരം ശേഖരിക്കാൻ വില്പനശാലകളിൽ പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിക്കുകയും മേൽ നടപടി കൈക്കൊള്ളുകയും ചെയ്യുന്നു.

അന്യസംസ്ഥാനത്തുനിന്നുള്ള പാൽ വിതരണം

12 (*163) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിതരണംചെയ്യുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഉണ്ടോ ; എങ്കിൽ വിശദ മാക്കുമോ ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന പാലിന്റെ ഗുണ നിലവാരം സംബന്ധിച്ച് പരിശോധന നടത്താൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ;

(സി) പാലിൽ മായം ചേർക്കുന്നത് തടയാൻ കർശന നടപടികൾ സ്വീകരിക്കുമോ ;

(ഡി) അന്യസംസ്ഥാനങ്ങളിൽ നിന്നും എത്ര ലിറ്റർ പാൽ പ്രതിദിനം കേരളത്തിൽ എത്തുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വ്യക്ത മാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

LIBRARY ARCHIVES Kerala Legislative Assembly